(സി) ആനുകൂല്യങ്ങൾ കണക്കാക്കിയതിൽ പലവിധത്തിലുള്ള അപാകതകൾ കടന്നുകൂടിയതായി മാനേജ്മെന്റിനെ അറിയിച്ചിട്ടും അവ പരിഹരിക്കപ്പെട്ടിട്ടില്ല എന്ന കാര്യം അറിയാമോ;

(ഡി) ഇൻഡസ്ട്രിയൽ ക്ലോസ്ഡ് കോമ്പൻസേഷൻ ആന്റ് ഡിസ്പ്യൂട്ട് ആക്ട് പ്രകാരം നൽകേണ്ട ആനുകൂല്യങ്ങൾ ഇവിടത്തെ തൊഴിലാളികൾക്ക് നൽകിയിട്ടുണ്ടോ;

(ഇ) ആനുകൂല്യങ്ങൾ കണക്കാക്കിയതിലെ അപാകതകൾ പരിഹരിച്ച് ഇനി നൽകാനുള്ള മുഴുവൻ ആനുകൂല്യങ്ങളും അടിയന്തിരമായി നൽകാൻവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അർഹരായ എല്ലാ തൊഴിലാളികൾക്കും ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

(ബി) & (സി) പരാതികൾ ലഭിച്ചിട്ടുള്ളതായി അറിയുന്നു. 24-6-2003-ലെ ഗവൺമെന്റ് ഉത്തരവ് (പി) 13/2003/ഐ.ഡി. പ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചാണ് വി.ആർ.എസ്. ആനുകൂല്യങ്ങൾ കണക്കാക്കിയിട്ടുള്ളത്. ഓരോ ജീവനക്കാരന്റെയും പ്രൊബേഷൻ പൂർത്തിയാക്കിയ കാലം മുതൽ സ്വയം വിരമിക്കൽ പദ്ധതിപ്രകാരം അപേക്ഷ സ്വീകരിച്ചതുവരെയുള്ള സർവ്വീസ് ദൈർഘ്യം കണക്കാക്കിയാണ് ആനുകൂല്യങ്ങൾ അനുവദിച്ചിട്ടുള്ളത്. ഒരു വർഷത്തിൽ 6 മാസമോ അതിൽ കൂടുതലോ കാലം ജോലിക്ക് ഹാജരാകാതിരിക്കുകയോ ശമ്പളമില്ലാത്ത അവധിയിലായിരിക്കുകയോ ചെയ്തിട്ടുള്ളവരുടെ പ്രസ്തുത വർഷത്തെ സർവ്വീസ് കമ്പനിയുടെ നിയമപ്രകാരം ആനുകൂല്യങ്ങൾക്ക് കണക്കാക്കുന്നതല്ല.

(ഡി) മുഴുവൻ തൊഴിലാളികൾക്കും വി.ആർ.എസ്. നൽകുവാനാണ് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

(ഇ) അപാതകൾ എന്തെങ്കിലും ഉണ്ടെങ്കിൽ അത് പരിശോധിച്ച് പരിഹാര മാർഗ്ഗം കണ്ടെത്തുന്നതിന് ബന്ധപ്പെട്ടവരോട് ആവശ്യപ്പെടുന്നതാണ്.

സംസ്ഥാന ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ക്ഷേമനിധി ബോർഡിൽ തീർപ്പാക്കാതെ കിടക്കുന്ന അപേക്ഷകൾ

41 [3555] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ക്ഷേമനിധി ബോർഡിൽ വിവിധ ആനുകൂല്യങ്ങൾക്കായി നൽകിയ അപേക്ഷകൾ ഇപ്പോൾ ആഴ്ചകളിൽ കെട്ടിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതെങ്കിലും ജില്ലാ ആഫീസുകളിൽ നിന്ന് ഇപ്രകാരം ക്രമരഹിതമായി കെട്ടിക്കിടന്ന അപേക്ഷകൾ വിജിലൻസ് പരിശോധിച്ചെടുത്തിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) മറ്റു ജില്ലാ ആഫീസുകളിൽ തൊഴിലാളികളുടെ വിവിധ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ ഇപ്രകാരം നടപടി സ്വീകരിക്കാതെ കെട്ടിക്കിടക്കുന്നില്ലെന്ന് ഉറപ്പുവരുത്തുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ബോർഡിന്റെ കൊല്ലം ജില്ലാ ആഫീസിൽനിന്നും 64 ചികിത്സാധനസഹായ അപേക്ഷയും 7 സ്കോളർഷിപ്പ് അപേക്ഷയും വിജിലൻസ് ഉദ്യോഗസ്ഥർ പരിശോധന നടത്തി കൊണ്ടുപോയിട്ടുള്ളതായി ടി ജില്ലാ ഓഫീസർ അറിയിച്ചിട്ടുണ്ട്.

(സി) ബോർഡിന്റെ ജില്ലാ ഓഫീസുകൾതോറും അദാലത്തുകൾ സംഘടിപ്പിച്ചും ആനുകൂല്യ വിതരണ മേളകൾ നടത്തിയും ആനുകൂല്യത്തിനുള്ള അപേക്ഷകളിൻമേൽ യഥാസമയം നടപടി സ്വീകരിക്കുന്നുണ്ട്.

കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ തീർപ്പ് കൽപ്പിക്കാനുള്ള അപേക്ഷകൾ

42 [3556] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ വിവിധ ആഫീസുകളിൽ തീർപ്പ് കൽപ്പിക്കാതെ എത്ര അപേക്ഷകൾ നിലവിലുണ്ടെന്ന് ആനുകൂല്യങ്ങളുടെ ഇനം തിരിച്ച് ജില്ലാടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) ജീവനക്കാരുടെ അഭാവം കാരണവും മതിയായ ഫണ്ട് ലഭിക്കാത്തതു കൊണ്ടുമാണ് സമയബന്ധിതമായി ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ കഴിയാത്തതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാൻ ഒരു പ്രത്യേക കർമ്മപരിപാടി തയ്യാറാക്കാൻ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly